പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5057 — 04.07.2012 - ൽ മറുപടിക്ക്

## കാസർകോട് ജില്ലയിലെ മോട്ടോർ ബൈക്ക് റേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. റ്റി. എ. റഹീം | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | കാസർകോട് ജില്ലയിൽ മോട്ടോർ ബൈക്ക് റേസ് ചെയ്ത് അമിത വേഗത്തിൽ ഓടിക്കുന്നത് ക്രമ സമാധാന പ്രശ്നങ്ങൾക്കിടയാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഇപ്രകാരം ബൈക്ക് ഓടിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) & (സി) | ഇപ്രകാരം ബൈക്ക് ഓടിക്കുന്നത് കേരള പോലീസ് ആക്ടിലെ Sec. 42 (ക്രമസമാധാന പാലനവും അപായങ്ങൾ തടയലും), Sec. 61 (ട്രാഫിക് ക്രമീകരണം), Sec. 72 (പോലീസ് റഗുലേഷൻ) എന്നിവ പ്രകാരം നിയന്ത്രണം ഏർപ്പെടുത്താറുണ്ട്. ജില്ലയിൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ സാമൂഹ്യ വിരുദ്ധർ ഇരുചക്ര വാഹനങ്ങളിൽ വന്ന് അതിക്രമം കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഒരു നിശ്ചിത കാലത്തേയ്ക്ക് രാത്രിസമയങ്ങളിൽ ഇരുചക്ര വാഹനം ഓടിക്കുന്നത് ജില്ലാ മജിസ്ട്രേറ്റ് നിരോധിച്ചിട്ടുണ്ട്. 11.10.2011 മുതൽ 18.10.2011 വരെ ഹോസ്ദുർഗ്, ബേക്കൽ, അമ്പലത്തറ പോലീസ് സ്റ്റേഷൻ പരിധിയിലും 16.02.2012 മുതൽ 15 ദിവസത്തേയ്ക്ക് കാസറഗോഡ് താലൂക്ക് പരിധിയിലും ഇപ്രകാരം രാത്രികാല ബൈക്ക് നിരോധനം ജില്ലാ മജിസ്ട്രേറ്റ് ഏർപ്പെടുത്തിയിരുന്നു. |
| (സി) | എങ്കിൽ ഏതെല്ലാം സന്ദർഭങ്ങളിൽ എത്ര പ്രവശ്യം നിരോധനം ഏർപ്പെടുത്തിയിരുന്നു; | | |
| (ഡി) | ബൈക്ക് അമിത വേഗതയിൽ ഓടിക്കുന്നത് നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) | വാഹനങ്ങൾ അമിത വേഗതയിൽ ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തത്സമയം തന്നെ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

Joseph

സെക്ഷൻ ഓഫീസർ